**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1426** **12-02-2025 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം ജില്ലയിലെ എൽ.പി.എസ്.ടി. (516 /19) റാങ്ക് ലിസ്റ്റിന്റെ കാലാവധി 2025 മേയ് 30 ന് അവസാനിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഒരു അധ്യയന വർഷത്തിലെ വിരമിക്കൽ തീയതികൾ മാർച്ച് 31, ഏപ്രിൽ 30, മേയ് 31 എന്നിങ്ങനെ ആയതുകൊണ്ട് ലഭ്യമായ ഒഴിവുകളിലെ തസ്തിക നിർണയത്തിൽ ഉണ്ടാക്കുന്ന കാലതാമസം മൂലം 2025 മേയ് 31 ന് ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെ പരിഗണിക്കാൻ സാധിക്കുമോ; വിശദമാക്കാമോ; | (ബി) | 01.06.2025-ന് നിലവിൽ വരുന്ന ഒഴിവുകളിൽ മേയ് 30 ന് അവസാനിക്കുന്ന ലിസ്റ്റിൽ നിന്ന് നിയമനം നടത്തുവാൻ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സാധിക്കില്ല. |
| (സി) | മുൻ വർഷങ്ങളിൽ ഉണ്ടായ ഒഴിവുകളിൽ സമയബന്ധിതമായി തസ്തിക നിർണയം പൂർത്തിയാക്കാൻ സാധിക്കാത്തത് മൂലം പ്രസ്തുത ലിസ്റ്റിലെ നിരവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്തത് വസ്തുതയല്ലേ; ഇതിന്റെ കണക്ക് ലഭ്യമാക്കുമോ; | (സി) | സമയബന്ധിതമായി തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സാഹചര്യത്തിൽ 2025 മേയ് 31 ന് വിരമിക്കുന്നവരുടെ ഒഴിവുകളിൽ പ്രസ്തുത ലിസ്റ്റിൽ ഉള്ളവരെ പരിഗണിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ഡി) | സമയബന്ധിതമായി തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഇ) | 2024-25 വർഷത്തെ തസ്തിക നിർണ്ണയം ഉടൻ പൂർത്തിയാക്കി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | 2024-25 തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ വർഷത്തെ പുതിയ(അധിക) തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ